# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1478 08.02.2013 ലെ മറുപടിയ്ക്ക്**

## കോഴിക്കോട് ജില്ലാ രജിസ്ട്രാറുടെ ഓഫീസ് കെട്ടിട നിർമ്മാണം

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. എ. പ്രദീപ്കുമാർ** | | **(ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്)**<br>**(പൊതുമരാമത്ത് വകുപ്പ് മന്ത്രി)** |
| (എ) കോഴിക്കോട് ജില്ലാ രജിസ്ട്രാറുടെ ഓഫീസ് കെട്ടിട നിർമ്മാണം ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;<br><br>(ബി) പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ? | (എ)<br>&<br>(ബി) | കോഴിക്കോട് ജില്ലാ രജിസ്ട്രാറുടെ ഓഫീസ് കെട്ടിട നിർമ്മാണത്തിനായി ജി.ഒ. (ആർ.ടി) നം. 1160/2008/റ്റി.ഡി. തീയതി 06.12.2008 പ്രകാരം 80 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി 2009 ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം 08.09.2010 ൽ ടെണ്ടർ ചെയ്തു. ക്വാട്ട് ചെയ്ത റേറ്റ് 38% ആയിരിക്കെ ജി.ഒ. (ആർ.ടി) നം. 281/2011/പൊ.മ.വ തീയതി, 18.02.2011 പ്രകാരം 27.5% അധിക നിരക്കിൽ ടെണ്ടർ അംഗീകരിക്കുകയുണ്ടായി. കോൺട്രാക്ടർ ക്വാട്ട് ചെയ്ത റേറ്റ് ലഭിക്കാത്തത് കൊണ്ട്, Firm period തീർന്ന സാഹചര്യത്തിൽ പ്രവൃത്തി ഏറ്റെടുക്കുവാൻ തയ്യാറായില്ല. 2010-ലെ പുതുക്കിയ ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം എസ്റ്റിമേറ്റ് പുതുക്കി 153 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ്, പുതുക്കിയ ഭരണാനുമതിയ്ക്കായി പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ നികുതി വകുപ്പിന് നൽകിയിട്ടുണ്ട്. ഭരണാനുമതി ലഭിച്ചാലുടൻതന്നെ സാങ്കേതികാനുമതി നൽകി പ്രവൃത്തി ടെണ്ടർ ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ